# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2532</u> | <u>19.12.2012-ൽ മറുപടിക്ക്</u>

### <u>ജെറിയാട്രിക് പ്രശ്നങ്ങൾ</u>

| <u>ചോദ്യം</u><br>ശ്രീ. കെ. വി. വിജയദാസ് : | <u>മറുപടി</u><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ജെറിയാട്രിക് പ്രശ്നത്തിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വയോജനങ്ങളുടെ ജനസംഖ്യ കണക്കിലെടുത്ത് 2012-13 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ 140 ലക്ഷം രൂപയുടെ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 250 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ജെറിയാട്രിക് വാർഡുകൾ, സ്പെഷ്യൽ ടോയിലറ്റുകൾ, ജെറിയാട്രിക് ക്യാമ്പുകൾ, ക്ലിനിക്കുകൾ, കൃത്രിമ പല്ല്, ശ്രവണ സഹായി, മറ്റുപകരണങ്ങൾ എന്നിവ ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ കേന്ദ്ര പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. വഴി സംസ്ഥാനത്തെ 5 ജില്ലകളിൽ വയോജന പരിപാലന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) ആരോഗ്യ വകുപ്പിന് കീഴിൽത്തന്നെ ജെറിയാട്രിക് വിഭാഗത്തിനായി പ്രത്യേക സെൽ രൂപീകരിക്കുവാൻ തയ്യാറാകുമോ ; ഇതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് സെറ്റ് അപ് രൂപീകരിച്ചിട്ടുണ്ടോ ; | (ബി) ആരോഗ്യ വകുപ്പിന് കീഴിൽ അഡീഷണൽ ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ ഒരു നോഡൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. |
| (സി) എല്ലാ ജില്ലകളിലും ഓരോ സെന്ററുകൾ ഇതിനായി ആരംഭിക്കുന്നതിന് തയ്യാറാകുമോ ; | (സി) എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടി ഡി.എം.ഒ. യ്ക്ക് ജെറിയാട്രിക് കെയറിന്റെ ചുമതല നൽകിയിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ഡി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തിയ കേന്ദ്രസർക്കാർ രൂപീകരിച്ച നാഷണൽ പ്രോഗ്രാം ഫോർ ദ ഹെൽത്ത് കെയർ ഓഫ് എൽഡേർലി (എൻ.പി.എച്ച്.സി.ഇ) എന്ന പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഇ) തിരുവനന്തപുരം ജില്ലാ ആശുപത്രിയിൽ ഇക്കാര്യത്തിൽ സംഭവിച്ചതുപോലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതും ഭാവിയിൽ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (ഇ) വീഴ്ച കൂടാതെ പ്രവർത്തിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ